II ഇ.ബി. XIII- കേരള നിയമസഭ/XIV-4

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂലൈ 1, ബുധൻ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

8 (*91) നെൽവയൽ നീർത്തട സംരക്ഷണ നിയമം

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമ പ്രകാരം സംസ്ഥാനത്താകെയുള്ള 978 ഗ്രാമപഞ്ചായത്തുകളിൽ 238 ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും 677 ഗ്രാമപഞ്ചായത്തുകളിൽ പ്രസിദ്ധീകരണ ഘട്ടത്തിലാണെന്നും 42 പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. ബന്ധപ്പെട്ട കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതികളാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതെന്നും പ്രസ്തുത സമിതികൾ യഥാസമയം

ഡാറ്റാ ബാങ്ക് തയ്യാറാക്കി നൽകാത്തതാണ് പ്രസിദ്ധീകരണത്തിന് കാലതാമസം നേരിടുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു. അനധികൃതമായി നെൽവയലുകൾ നികത്തി സാധൂകരിക്കാൻ ശ്രമിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. നിയമത്തിലെ വ്യവസ്ഥകൾ ലഘൂകരിച്ച് സാധാരണക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഉദാരമായ സമീപനം സ്വീകരിക്കുന്നതാണ്. അനധികൃത നിലം നികത്തൽ തടയൽ, പൂർവ്വ സ്ഥിതിയിലാക്കൽ, നിലം നികത്തലുമായി ബന്ധപ്പെട്ട് കേരളാ ലാന്റ് യൂട്ടിലൈസേഷൻ ഉത്തരവിലെ പോരായ്മകൾ പരിഹരിക്കൽ, തോടുകളും നീർച്ചാലുകളും ഉൾപ്പെടെയുള്ള തണ്ണീർതടങ്ങളുടെ സംരക്ഷണം തുടങ്ങി നിയമത്തിലെ അവ്യക്തതകൾ പരിഹരിക്കുന്നതിന് നിയമഭേദഗതി കൊണ്ടുവരുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണെന്ന് ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

9 (*92) <u>റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ വകമാറ്റൽ</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>) നൽകിയ മറുപടിയിൽ, കേന്ദ്ര വിഹിതം കൃത്യമായി ലഭിക്കാത്ത സന്ദർഭങ്ങളിൽ

ബി.പി.എൽ. വിഭാഗക്കാർക്ക് ആവശ്യമായ അളവിൽ ഭക്ഷ്യധാന്യം വകമാറ്റി വിതരണം ചെയ്യാറുണ്ടെന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നും അഡ്ഹോക്ക് വിഹിതം ലഭിക്കുന്ന മുറയ്ക്ക് ആയത് തിരികെ വയ്ക്കാറുണ്ടെന്നും സഭയെ അറിയിച്ചു. നിലവിൽ സാധാരണ അലോട്ട്മെന്റിനുപുറമെ അധിക വിഹിതവും ലഭ്യമാകുന്നതിനാൽ പ്രതിബന്ധമൊന്നും കൂടാതെ ഭക്ഷ്യധാന്യങ്ങൾ യഥാസമയം വിതരണം നടത്തിവരുന്നു. റേഷനിംഗ് സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി വിജയകരമായതിനാൽ മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. അർഹമായ റേഷനിംഗ് വിഹിതം നൽകാതെ പാവപ്പെട്ട ജനങ്ങളെ ചൂഷണത്തിന് വിധേയരാക്കുന്ന റേഷൻ കടയുടമകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. രാത്രികാല സ്ക്വാഡുകൾ രൂപീകരിച്ചും ശക്തമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയും റേഷൻ കരിഞ്ചന്ത തടയുന്നതിന് കർശന നടപടി സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം പുനഃസ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തിവരികയാണ്. പൊതുവിതരണ സമ്പ്രദായം കമ്പ്യൂട്ടർവത്ക്കരിച്ച് കൂടുതൽ കാര്യക്ഷമവും

സുതാര്യവുമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

10 (*93) പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കിയ പുതിയ പദ്ധതികൾ

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) നൽകിയ മറുപടിയിൽ, മുനിസിപ്പൽ കോർപ്പറേഷനുകളിലെയും പഞ്ചായത്തുകളിലെയും റോഡുകൾ ഉൾപ്പെടെ 7600 കി.മീ. റോഡിന്റെ ഉപരിതലത്തിന്റെയും 158 പാലങ്ങളുടെയും പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും വിവിധ പദ്ധതികളിൽപ്പെടുത്തി റോഡുകളുടെ ഉപരിതലം പുതുക്കൽ ഉൾപ്പെടെ 10700 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നതായും സഭയെ അറിയിച്ചു. കൃത്യമായ ആസൂത്രണവും കാലോചിതമായ പരിഷ്ക്കാരങ്ങളും വരുത്തി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പതിനാല് ജില്ലകളിലും ഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കുകയും റോഡുകളുടെ ഉപരിതലം ബലപ്പെടുത്തുന്നതിനുവേണ്ടി 5 വർഷ ഗ്യാരണ്ടിയോടുകൂടി ഹെവി മെയിന്റനൻസ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

കോൺട്രാക്ടർമാരുടെ ബിൽ കുടിശ്ശിക 1750 കോടി രൂപയായി കുറച്ചുകൊണ്ടുവന്നിട്ടുണ്ടെന്നും പെട്രോളിനും ഡീസലിനും അധികമായി ഏർപ്പെടുത്തിയ വിൽപ്പന നികുതിയുടെ 50 ശതമാനം ഉപയോഗിച്ച് പതിനാല് ജില്ലകളിലും ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ട് (ഡി.എഫ്.ഐ.പി.) തയ്യാറാക്കി വരികയാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1017 മുതൽ 1368 വരെയുള്ള ചോദ്യങ്ങളിൽ 215 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * * *